# EQUIP - DIET KASARAGOD
# SSLC EXAMINATION - MARCH 2023

## മലയാളം I
## കേരളപാഠാവലി

Time : 1½ Hrs. Maximum Score : 40

**നിർദ്ദേശങ്ങൾ**

* 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
* ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കിയതിന് ശേഷം ഉത്തരം എഴുതുക.
* ഉത്തരം എഴുതുവാൻ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**ഭാഗം 1**

**എ) 1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. (1 സ്കോർ വീതം) (4x1=4)**

1. വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം

അടിവരയിട്ട പദം കാവ്യഭാഗത്ത് ധ്വനിപ്പിക്കുന്ന ഭാവം എന്ത്?

എ) വാത്സല്യം ബി) കോപം

സി) ഭക്തി ഡി) ദയ

DIET KASARAGOD

2. ധീരനായ യതി നോക്കി തന്വിതൻ

ഭൂരിബാഷ്പപരിപാടലം മുഖം

അടിവരയിട്ട പദത്തിന് സമാനപദം എഴുതുക.

എ) തോഴി ബി) സുന്ദരി

സി) ഭാര്യ ഡി) സന്യാസിനി

3. "എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി". (ഋതുയോഗം)

ശകുന്തള ഇങ്ങനെ പറയാൻ കാരണമെന്ത്?

എ) മകന്റെ മുന്നിൽ വച്ചായത് കൊണ്ട്

ബി) മുമ്പൊരിക്കൽ നൽകിയത് കൊണ്ട്

സി) ആവശ്യത്തിന് ഉപകരിക്കാതിരുന്നത് കൊണ്ട്

ഡി) തോഴിമാർ കാണുന്നത് കൊണ്ട്

4. "..... അതുമാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ സുധീർ". (വിശ്വരൂപം)

എന്തിനെക്കുറിച്ചാണ് മിസിസ് തലത്ത് ഇവിടെ സൂചിപ്പിക്കുന്നത്?

എ) സ്നേഹം ബി) ഓർമ്മകൾ

സി) പരിഗണന ഡി) അവശത

5. സ്വാപദേ സ്വയമചോദയജ്ജളം

സ്വാപതേയ ഹരണായ പുഷ്കരം

പുഷ്കരന്റെ സ്വഭാവം വ്യക്തമാക്കുന്ന പദം ഏത്?

എ) ജളൻ ബി) പരിഷ

സി) കോപമത്സരവശംവദൻ ഡി) ദുഃഖിതൻ

6. "അപ്പോൾ ഒന്നാമത്, ആ വെള്ളിസ്സാമാനം

നമ്മുടെയായിരുന്നുവോ!" (പാവങ്ങൾ)

മെത്രാന്റെ അഭിപ്രായത്തിൽ അവ ആരുടേതായിരുന്നു?

എ) മെത്രാന്റെ ബി) മദാമിന്റെ

സി) പാവങ്ങളുടെ ഡി) പൊതുജനത്തിന്റെ

DIET KASARAGOD

**ബി) 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.(1 സ്കോർ വീതം)**

**(3x1=3)**

7. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതിയയച്ചു.

അടിവരയിട്ട പ്രയോഗം പാഠസന്ദർഭത്തിന് നൽകുന്ന സവിശേഷമായ അർത്ഥം എന്ത്?

എ) കുസൃതികൾ ചേർത്തെഴുതി

ബി) തന്റെ ഭാവനയും ചേർത്തെഴുതി

സി) വ്യാകരണത്തെറ്റില്ലാതെ എഴുതി

ഡി) നല്ല കൈയക്ഷരത്തിൽ എഴുതി

8. യേശുവിന്റെ ശരീരത്തെ വിശേഷിപ്പിക്കാൻ 'മൈക്കലാഞ്ജലോ മാപ്പ്' എന്ന കവിതയിൽ ഉപയോഗിച്ചിരിക്കുന്ന സാദൃശ്യ കല്പനയേത്?

എ) സൂര്യശില ബി) പാഴ്ച്ചിപ്പി

സി) വെൺലില്ലിപ്പൂവ് ഡി) കരിവണ്ടുകൾ

9. കളഞ്ഞുകിട്ടിയ 30 രൂപ ഹെഡ്മാസ്റ്ററെ തിരിച്ചേൽപ്പിച്ചതിലൂടെ ശരൺകുമാർ ലിംബാള പ്രകടിപ്പിച്ചതെന്ത്?

എ) ധൈര്യം ബി) സത്യസന്ധത

സി) പൊങ്ങച്ചം ഡി) വിനയം

## ഭാഗം 2

**എ) ചുവടെ കൊടുത്ത ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ) (1x2=2)**

10. "വയ്യാവേലികൾ വലിച്ചു തലയിൽ വയ്ക്കുന്നത് നിങ്ങളുടെ ഒരു മനോരോഗമാണ്" (ആത്മാവിന്റെ വെളിപാടുകൾ)

ദസ്തേവിസ്കിയെപ്പറ്റി പരിചയക്കാരൻ ഇങ്ങനെ പറയാനിടയായ സാഹചര്യം എന്ത്?

**ബി) 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. (2 സ്കോർ) (1x2=2)**

DIET KASARAGOD

11. അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കി മാറ്റുക.

മൗനത്തിന്റെ ഭാരം അസഹനീയമായി തോന്നിയപ്പോൾ കസേരയെ ശബ്ദിപ്പിച്ചുകൊണ്ട് ജുലിയാന എഴുന്നേറ്റു.

12. ഇപ്പോൾ അവന്ന് എന്നെ കണ്ടുകൂടാതായി. അവൻ എന്നെ കുഠം പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു. (ഞാൻ കഥാകാരനായ കഥ)

ഈ വാക്കുകളിലൂടെ വ്യക്തമാകുന്ന അമ്മയുടെ അവസ്ഥകൾ എന്തെല്ലാം?

## ഭാഗം 3

**എ) 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. (3 സ്കോർ) (3x3=9)**

13. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" (പ്രിയദർശനം)

ഈ വരികളിൽ തെളിയുന്ന ജീവിത ദർശനം എന്ത്?

14. “ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്ക് കുതിർന്ന അതിന്റെ നനവിൽ കൈവച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു.” (കടൽത്തീരത്ത്)

ഈ കഥയെ ഭാവതീവ്രമാക്കുന്നതിൽ പൊതിച്ചോറിന് സവിശേഷമായ സ്ഥാനമുണ്ട്. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഒരു അഭിപ്രായകുറിപ്പ് തയാറാക്കുക.

15. “കൊടുത്തുമാത്രമേ നേടാനൊക്കൂ അല്ലേ സുധീർ?
ഞാൻ ആർക്കും ഒന്നും കൊടുത്തില്ലല്ലോ–”

(വിശ്വരൂപം)

മിസിസ് തലത്ത് ഇങ്ങനെ ചിന്തിക്കാനുള്ള കാരണമെന്ത്?

ഇന്നത്തെ സാമൂഹ്യാവസ്ഥയുമായി ബന്ധപ്പെടുത്തി പ്രതികരണക്കുറിപ്പ് തയാറാക്കുക.

16. പാണ്ഡവർ നേടിയ വിജയത്തെ വല്ലപാടും നേടിയ വിജയം എന്ന മാരാറുടെ നിരീക്ഷണത്തിന്റെ പ്രസക്തി പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

DIET KASARAGOD

**ബി) ചുവടെ കൊടുത്ത ചോദ്യത്തിന് ഉത്തരമെഴുതുക. (3 സ്കോർ) (3x1=3)**

17. ‘ചവറുകൾക്ക് പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്ക് തോന്നി’. ‘സാന്താമായി ഒരു ‘മഹാർ’ ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല’.

(അക്കർമാശി)

അക്കർമാശിയിൽ തെളിയുന്ന സാമൂഹിക ജീവിതാവസ്ഥകളെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക.

## ഭാഗം 4

**എ) 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. (4 സ്കോർ) (2x4=8)**

18. “ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും
പാരിലെന്നെയിന്നാരറിയാതവർ”

(നളചരിതം)

മേൽ സൂചനകൽ കൂടി പരിഗണിച്ച് കലി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയാറാക്കുക.

19. 'തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു
പരിഭവമുൾക്കൊള്ളലാ വല്ലഭേ നീ'

- ഋതുയോഗം

താൻ ചെയ്തുപോയ തെറ്റ് തിരിച്ചറിഞ്ഞ ദുഷ്യന്തൻ ശകുന്തളയുടെ മുന്നിൽ മാപ്പു ചോദിക്കാൻ ഒട്ടും മടികാണിക്കുന്നില്ല. സ്ത്രീപുരുഷ സമത്വത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുന്ന സമകാലത്ത് രാജാവിന്റെ ഈ പ്രവൃത്തിയെ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു? പ്രതികരണക്കുറിപ്പ് തയാറാക്കുക.

20. പരലോകത്ത് വെച്ച് ഇഹലോക കർമ്മങ്ങളെ വിചാരണക്കെടുക്കുമ്പോളത്തെ തുളഞ്ഞ് കയറുന്നതും ഭയം ജനിപ്പിക്കുന്നതുമായ കാഹള ശബ്ദം പോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു. (പാവങ്ങൾ)

ഴാങ് വാൽ ഴാങിന്റെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വരികൾക്കെത്രമാത്രം കഴിയുന്നുണ്ട്.

സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക.

DIET KASARAGOD

**ബി) 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. (1x4=4)**

21. "ഭർത്താവിന്റെ ഇരിപ്പിടങ്ങളിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു".

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

സന്ദർഭത്തിൽ തെളിയുന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥ വിശകലനം ചെയ്യുക.

22. 'അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞു യുഗങ്ങൾ തൻ ഗായകർ'

മനുഷ്യന്റെ സർഗശക്തിയുടെ അജയ്യമായ മുന്നേറ്റമാണ് വയലാർ അശ്വമേധത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. മനുഷ്യന്റെ സർഗ്ഗശേഷിയെ വറുതിയിലാക്കാൻ ശ്രമിച്ചവർ ആരൊക്കെ? ആരിൽ നിന്നൊക്കെയാണ് കവിയുടെ പൂർവ്വികർ സർഗശക്തിയാകുന്ന കുതിരയെ വീണ്ടെടുത്തത്?

തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക.

## ഭാഗം 5

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.**
**(5 സ്കോർ വീതം)** **(1x5=5)**

23. "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം"
"കാമ ക്രോധ ലോഭ മോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ"
"ക്രോധം പരിത്യജിക്കേണം ബുധജനം"

എഴുത്തച്ഛന്റെ ഉപദേശങ്ങൾ ഇന്നും പ്രസക്തമാണ്. സമകാലിക സംഭവങ്ങൾ കൂടി ഉൾപ്പെടുത്തി ലഘു ഉപന്യാസം തയാറാക്കുക.

24. മഹാത്മാവായ ഭീഷ്മരുടെ സൈന്യാധിപത്യത്തിൽ ആദ്യം വിവരിച്ച വ്യവസ്ഥകളോടെ തുടങ്ങിയ ആ ധർമ്മയുദ്ധം പതിനെട്ടാം ദിവസം രാത്രി ഒടുക്കത്തെ സേനാപതിയായ അശ്വത്ഥാമാവ് നടത്തിയ ഈ പൈശാചികമായ അറുംകൊലയിലാണ് അവസാനിച്ചത്.

- യുദ്ധത്തിന്റെ പരിണാമം

'മാനവരാശിക്കും സംസ്കാരത്തിനും നാശം വിതയ്ക്കുന്ന യുദ്ധം ഇനി നമുക്ക് വേണ്ടേ വേണ്ട' എന്ന വിഷയത്തിൽ പാഠസന്ദർഭങ്ങളും ആനുകാലിക സംഭവങ്ങളും ഉൾപെടുത്തി ഒരു പ്രസംഗം തയാറാക്കുക.

DIET KASARAGOD

***

**EQUIP - DIET KASARAGOD**

**SSLC EXAMINATION - MARCH 2023**

**മലയാളം I**

Time : 1½ Hrs. **കേരളപാഠാവലി** Maximum Score : 40

# ഉത്തരസൂചിക

## ഭാഗം 1

**എ)** **(4x1=4)**

1. എ) വാത്സല്യം
2. ബി) സുന്ദരി
3. സി) ആവശ്യത്തിന് ഉപകരിക്കാതിരുന്നത് കൊണ്ട്
4. ബി) ഓർമ്മകൾ
5. എ) ജലൻ
6. സി) പാവങ്ങളുടെ

**ബി)** **(3x1=3)**

7. ബി) തന്റെ ഭാവനയും ചേർത്തെഴുതി
8. സി) വെൺലില്ലിപ്പൂവ്
9. ബി) സത്യസന്ധത

## ഭാഗം 2

**എ)** **(1x2=2)**

10. 1. ജ്യേഷ്ഠന്റെ കടബാധ്യതകൾ ഏറ്റെടുത്തത്
    2. ചൂതുകളി

**ബി)** **(1x2=2)**

11. മൗനത്തിന്റെ ഭാരം അസഹനീയമായി തോന്നി.
കസേരയെ ശബ്ദിപ്പിച്ചുകൊണ്ട് ജുലിയാന എഴുന്നേറ്റു.
(അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങൾ ആക്കിയാൽ മതി)

12. ദാരിദ്ര്യം, നിസ്സഹായത, ഒറ്റപ്പെടൽ മുതലായ ഏതെങ്കിലും രണ്ട് അവസ്ഥകൾ വ്യക്തമാക്കുക.

## ഭാഗം 3

**എ)** **(3x3=9)**

13. * ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.
    * ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.
    * ജീവിത ദർശനം വ്യക്തമാക്കിയിട്ടുണ്ട്.

14. * കഥാസന്ദർഭം വിശദമാക്കിയിട്ടുണ്ട്.
    * നിരീക്ഷണങ്ങൾ വ്യക്തമായി എഴുതിയിട്ടുണ്ട്.

15 * മിസിസ് തലത്തിന്റെ ജീവിതാവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്.
    * സാമൂഹികാവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്.
    * കൃത്യമായ പ്രതികരണം അവതരിപ്പിച്ചിട്ടുണ്ട്.

DIET KASARAGOD

16. * പാണ്ഡവർ യുദ്ധം വിജയിച്ച രീതി,
* യുദ്ധം തുടങ്ങും മുമ്പുള്ള വ്യവസ്ഥകൾ,
* ധർമ്മയുദ്ധം, അവയുടെ ലംഘനം
ഇവ വ്യക്തമാക്കിയിട്ടുണ്ട്.
* നിരീക്ഷണങ്ങൾ സമർഥിച്ചിട്ടുണ്ട്.

**ബി)** **(3x1=3)**

17. ദാരിദ്ര്യം, വിശപ്പ് തുടങ്ങിയ അവസ്ഥകൾ
ജാതി വിവേചനം

## ഭാഗം 4

**എ)** **(2x4=8)**

18. * കഥാപാത്രത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
* കവിവാക്യങ്ങൾ വിശദമാക്കിയിട്ടുണ്ട്.
* ഘടന പാലിച്ചിട്ടുണ്ട്.
* ഉചിതമായ ഭാഷ

19. * കഥാ സന്ദർഭം വ്യക്തമാക്കിയിട്ടുണ്ട്.
* സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.
* ഉചിതമായ ഭാഷ

20. * കഥാസന്ദർഭം വ്യക്തമാക്കിയിട്ടുണ്ട്.
* സ്വാഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്.
* ഉചിതമായ ഭാഷ

**ബി)** **(1x4=4)**

21. * സന്ദർഭം വ്യക്തമാക്കി കഥാപാത്രത്തിന്റെ മാനസികാവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്.
* വിശകലനം ചെയ്തിട്ടുണ്ട്.
* ഉചിതമായ ഭാഷ

DIET KASARAGOD

22. * വരുതിയിലാക്കാൻ ശ്രമിച്ചവരെ വ്യക്തമാക്കിയിട്ടുണ്ട്.
* ആരിൽനിന്നൊക്കെ എന്ന് വിശദീകരിച്ചിട്ടുണ്ട്.

## ഭാഗം 5

23 **(1x5=5)**

* എഴുത്തച്ഛന്റെ വരികളുടെ വിശദീകരണം
* മറ്റു വരികളുടെ ആശയം
* സമകാലിക സംഭവങ്ങൾ
* ഉചിതമായ ഭാഷ

24. * പാഠസന്ദർഭങ്ങൾ ഉൾപെടുത്തിയിട്ടുണ്ട്.
* ആനുകാലിക സംഭവങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.
* ഘടന പാലിച്ചിട്ടുണ്ട്.
  - അഭിസംബോധന
  - തുടക്കം
  - ഖണ്ഡികാകരണം
  - ഒടുക്കം
  - ഉപസംഹാര വാചകം
* ലളിതമായ ഭാഷയിൽ എഴുതിയിട്ടുണ്ട്.